# തേലശ്ശേരി ശാഖ

കുറവിലങ്ങാട്ടു നിന്നും മട്ടയ്ക്കൽ വന്നു താമസിച്ച ഇടുക്കുള കുഞ്ഞമ്മൻ തരകന്റെ രണ്ടു പുത്രന്മാരിൽ മൂത്തമകൻ ചാക്കോ കുടുംബമായി മട്ടയ്ക്കൽ താമസിച്ചു. ചാക്കോയുടെ മൂന്നാമത്തെ മകൻ ഇടുക്കുള തേലശ്ശേരിൽ താമസിച്ചു.

ഇടുക്കുള തേലശ്ശേരി (3-ാം തലമുറ)

തേലശ്ശേരിൽ താമസിച്ച ഇടുകുളയ്ക്ക് ഇടുക്കുള, പെരുമാൾ എന്ന രണ്ട് ആൺമക്കൾ ഉണ്ടായിരുന്നു. രണ്ടാമത്തെ മകൻ പെരുമാൾ സന്താനമില്ലാതെ മരിച്ചു.

ഇടുക്കുള ആറാട്ടുപുഴ (4-ാം തലമുറ)

തേലശ്ശേരിൽ താമസിച്ച ഇടുക്കുളയുടെ മൂത്തമകൻ ഇടുക്കുള കോട്ടാത്തറ താമസിച്ചു. അദ്ദേഹം ആറാട്ടുപുഴ പിലാവിലക്കണ്ടത്തിൽ നിന്നും വിവാഹം കഴിച്ച് അവിടെ മാറി താമസിച്ചു. ഈ പിതാവിന് മൂന്ന് ആൺമക്കൾ ഉണ്ടായിരുന്നു.

ആൺമക്കൾ-കുര്യൻ, ഇക്ക, ഈപ്പൻ

കുര്യൻ പിലാവിലക്കണ്ടത്തിൽ മുള്ളിക്കുളങ്ങര, മാവേലിക്കര (5-ാം തലമുറ)

മൂത്തമകൻ കുര്യൻ ആറാട്ടുപുഴനിന്നും മാറി മാവേലിക്കര മുള്ളിക്കുളങ്ങര താമസിച്ചു. ഇദ്ദേഹത്തിന്റെ പിൻതലമുറയെപ്പറ്റി കൂടുതൽ വിവരങ്ങൾ ലഭ്യമായിട്ടില്ല.

ഇക്ക പടിഞ്ഞാറേ പിലാവിലക്കണ്ടത്തിൽ ആറാട്ടുപുഴ (5-ാം തലമുറ)

ആറാട്ടുപുഴ പിലാവലിക്കണ്ടത്തിൽ താമസമാക്കിയ ഇടുക്കുളയുടെ രണ്ടാമത്തെ മകൻ ഇക്ക കുടുംബത്തു നിന്നും മാറി പടിഞ്ഞാറേ പിലാവിലക്കണ്ടത്തിൽ താമസിച്ചു. ഇദ്ദേഹത്തിന് രണ്ട് ആൺമക്കൾ ഉണ്ട്.

ആൺമക്കൾ- ഗീവറുഗീസ്, ഇക്ക

ഗീവറുഗീസ് പിലാവിലക്കണ്ടത്തിൽ, നെല്ലിമല (6-ാം തലമുറ)

ഇക്കയുടെ മൂത്തമകൻ ഗീവറുഗീസ് തട്ടയ്ക്കാട് നെല്ലിമലയിൽ പിലാവിലക്കണ്ടത്തിൽ താമസിച്ചു. ഇദ്ദേഹത്തിന് മൂന്ന് ആൺമക്കളും രണ്ട് പെൺമക്കളും ഉണ്ടായിരുന്നു.

ആൺമക്കൾ- മത്തായി, ഗീവർഗീസ്, തോമസ്

പെൺമക്കൾ- എലിയാമമ, മറിയാമ്മ

മൂത്തമകൾ ഏലിയാമ്മ വിവാഹശേഷം നെല്ലിമല പിലാവലിക്കണ്ടത്തിൽ താമസിച്ചു. ഇളയമകൾ മറിയാമ്മയെ മുണ്ടമല കവുങ്ങുംപ്രയാർ പാറേൽ മത്തായി വിവാഹം കഴിച്ചു.

മത്തായി പിലാവിലക്കണ്ടത്തിൽ, നെല്ലിമല (7-ാം തലമുറ)

ഗീവറുഗീസിന്റെ മൂത്തമകൻ മത്തായി ഇലന്തൂർ മേലൂട്ട് കൊച്ചുകുഞ്ഞിന്റെ മകൾ അന്നമ്മയെ വിവാഹം കഴിച്ചു..മത്തായി 1975 ജൂൺ 16ന് 76-ാം വയസിലും ഭാര്യ അന്നമ്മ 1973 ജൂൺ 26ന് 70-ാം വയസ്സിലും നിര്യാതരായി.

ആൺമക്കൾ-മത്തായി വറുഗീസ്, ജോൺ

മത്തായി വറുഗീസ് (ഉണ്ണൂണ്ണി) പിലാവിലക്കണ്ടത്തിൽ, നെല്ലിമല (8-ാം തലമുറ)

പിലാവിലക്കണ്ടത്തിൽ മത്തായിയുടെ മൂത്തമകൻ ഉണ്ണൂണ്ണി എന്നു വിളിക്കുന്ന മത്തായി വറുഗീസ് പ്രക്കാനത്ത് നിരവയിൽ മത്തായിയുടെ മകൾ കുഞ്ഞാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് മൂന്ന് പെൺമക്കളും ഒരു മകനും ഉണ്ട്.

മകൻ- പി.വി. മാത്യൂസ്

പെൺമക്കൾ- കുഞ്ഞമ്മ, മറിയാമ്മ, പൊന്നമ്മ

മൂത്തമകൾ കുഞ്ഞമ്മയെ ഇരവിപേരൂർ മാമ്മൂട്ടിൽ തോമസിന്റെ മകൻ വറുഗീസ് വിവാഹം കഴിച്ചു. രണ്ടാമത്തെ മകൾ മറിയാമ്മ അവിവാഹിതയാണ്. മാതാപിതാക്കളോടൊപ്പം കുടുംബത്തു താമസിക്കുന്നു.

മൂന്നാമത്തെ മകൾ പൊന്നമ്മയെ കടപ്ര മൈലനിൽക്കുന്നതിൽ സ്കിയായുടെ മകൻ ശമുവേൽ വിവാഹം ചെയ്തു. കുഞ്ഞമ്മ 1996 മാർച്ച് 6ന് 72- വയസ്സിൽ നിര്യാതയായി.

പി.വി.മാത്യൂസ് (ജോയ്) പിലാവിലക്കണ്ടത്തിൽ, നെല്ലിമല, (9-ാം തലമുറ)

മത്തായി വറുഗീസിന്റെ മകൻ പി.വി. മാത്യൂസ് വെണ്ണിക്കുളത്ത് വല്യത്ത് ഈപ്പന്റെ മകൾ കുഞ്ഞുമോളെ വിവാഹം കഴിച്ചു. ഇവർക്ക് ജിതേഷ് എന്ന ഒരു മകനും ജിൻജു എന്ന ഒരു മകളും ഉണ്ട്. (10-ാം തലമുറ) ഇരുവരും വിദ്യാർത്ഥികളാണ്.

മാത്യൂസ് അബുദാബിയിൽ ജോലി ചെയ്യുന്നു. ഭാര്യയും മക്കളും നെല്ലിമല പിലാവിലക്കണ്ടത്തിൽ താമസിക്കുന്നു.

ജോൺ (ബേബി) പിലാവിലക്കണ്ടത്തിൽ, നെല്ലിമല (8-ാം തലമുറ)

നെല്ലിമല പിലാവിലക്കണ്ടത്തിൽ മത്തായിയുടെ രണ്ടാമത്തെ മകൻ ജോൺ ചിങ്ങവനത്ത് പരുത്തുംപാറ കരിമാങ്കൽ ഈശോയുടെ മകൾ മറിയാമ്മയെ (കുഞ്ഞുമോൾ) വിവാഹം ചെയ്തു. ഇവർക്ക് മൂന്നു പെൺമക്കളും ഒരു മകനും ഉണ്ട്. പെൺമക്കൾ ബീന, ബിൻസി, ബിന്ദു.

മകൻ- ബിജു പി. ജോൺ

മൂത്തമകൻ ബീന B.Com നെ ഇടയാറന്മുള കൊല്ലംപടിക്കൽ ജോർജ്ജിന്റെ മകൻ സണ്ണിയും രണ്ടാമത്തെ മകൾ ബിൻസി B.Sc യെ കുണ്ടറ അമ്പിപൊയ്കയിൽ പുത്തൻവീട്ടിൽ ഗീവറുഗീസിന്റെ മകൻ ബാബുവും മൂന്നാമത്തെ മകൾ ബിന്ദു M.Sc, B.Ed നെ ഓതറ നിന്നും ഭോപ്പാലിൽ താമസിക്കുന്ന വാലിപ്പറമ്പിൽ തോമസിന്റെ മകൻ റെജിയും വിവാഹം കഴിച്ചു.

ജോൺ മദ്ധ്യപ്രദേശ് ഗവ. PWD ൽ സബ് എഞ്ചിനീയറായി ജബൽപൂരിൽ ജോലി ചെയ്തു വരവെ, പെട്ടെന്നുണ്ടായ അസുഖത്തെത്തുടർന്ന് 1975 ഡിസംബർ 10ന് 40-ാമത്തെ വയസിൽ നിര്യാതനായി. ജോണിന്റെ മരണശേഷം മറിയാമ്മ കുടുംബമായി നാട്ടിൽ വന്ന് കുടുംബവീട്ടിൽ താമസിക്കുന്നു.

ബിജു പി.ജോൺ പിലാവിലക്കണ്ടത്തിൽ (9-ാം തലമുറ)

ബിജു പി. ജോൺ B.Sc യും കമ്പ്യൂട്ടർ കോഴ്സും പാസായശേഷം മസ്ക്കറ്റിൽ ഒമാൻ എയർവെയ്സിൽ കമ്പ്യൂട്ടർ എഞ്ചിനീയറായി ജോലി ചെയ്യുന്നു. ബിജു ജോൺ ഇരവിപേരൂർ മംഗലശ്ശേരിൽ ഉമ്മന്റെ മകൾ ലിജിയെ വിവാഹം ചെയ്തു. ഇവർക്ക് വെൽവിൻ എന്ന ഒരു മകൻ ഉണ്ട്. (10-ാം തലമുറ) കുടുംബമായി മസ്ക്കറ്റിൽ താമസിക്കുന്നു.

ഗീവറുഗീസ് പിലാവിലക്കണ്ടത്തിൽ, നെല്ലിമല (7-ാം തലമുറ)

ആറാട്ടുപുഴ നിന്നും നെല്ലിമല വന്നു താമസിച്ച പിലാവിലക്കണ്ടത്തിൽ ഗീവറുഗീസിന്റെ രണ്ടാമത്തെ മകൻ ഗീവറുഗീസ് തട്ടയ്ക്കാട് കുന്നത്തുംകര പാണ്ടിയൻപാറ സ്കറിയായുടെ സഹോദരിയെ വിവാഹം കഴിച്ചു. ഇവർക്ക് ജോർജ്ജ് എന്ന ഒരു മകൻ മാത്രം. ഗീവറുഗീസ് ആദ്യഭാര്യ മരിച്ചുപോയതിനാൽ മേൽപാടത്ത് കളപ്പുരയ്ക്കൽ ചാക്കോയുടെ മകൾ ശോശാമ്മയയെ പുനർവിവാഹം ചെയ്തു. ഇവർക്ക് വറുഗീസ്, ചാക്കോ, മാത്യു എന്ന മൂന്ന് ആൺമക്കളുണ്ട്.

ഗീവറുഗീസ് 16-2-1976ൽ 74-ാം വയസ്സിലും ഭാര്യ ശോശാമ്മ 22-3-1984ൽ 79-ാം വയസിലും നിര്യാതരായി.

ആൺമക്കൾ- ജോർജ്ജ്, പി.വി. വറുഗീസ്, പി.വി. ചാക്കോ, പി.വി.മാത്യൂ.

ജോർജ്ജ് പിലാവിലക്കണ്ടത്തിൽ, നിലമ്പൂർ (8-ാം തലമുറ)

ഗീവറുഗീസിന്റെ മൂത്തമകൻ ജോർജ്ജ് വളഞ്ഞവട്ടത്തുനിന്നും ഏഴംകുളത്തു താമസിക്കുന്ന കടപ്ര മുളമൂട്ടിൽ ചാക്കോയുടെ മകൾ കുഞ്ഞമ്മയെ വിവാഹം ചെയ്തു. ജോർജ്ജിന്റെ ഭാര്യ കുഞ്ഞമ്മ 1984 മാർച്ച് 21ന് 58-ാമത്തെ വയസ്സിൽ നിര്യാതയായി. ജോർജ്ജ് കുടുംബമായി നിലമ്പൂരിൽ താമസിക്കുന്നു.ഇവർക്ക് ഏഴ് ആൺമക്കളുണ്ട്.

ആൺമക്കൾ- വറുഗീസ്, ജോയി, സണ്ണി, ലാലു, മോൻസി, ജിജു, സിബി

വറുഗീസ് (രാജു) പിലാവിലക്കണ്ടത്തിൽ, ഹൈദ്രബാദ് (9-ാം തലമുറ)

നിലമ്പൂരിൽ താമസിക്കുന്ന ജോർജ്ജിന്റെ മൂത്തമകൻ വർഗീസ് തൃശ്ശൂർ കനേക്കുടം കൊച്ചപ്പന്റെ

മകൾ മേരിക്കുട്ടിയെ വിവാഹം ചെയ്തു. ഇവർക്ക് രണ്ട് ആൺമക്കൾ മാത്രം. ബിജേഷ്, രാജേഷ് (10-ാം തലമുറ) ഇവർ വിദ്യാർത്ഥികളാണ്. വറുഗീസ് ജോലി സംബന്ധമായി ഹൈദ്രബാദിൽ കുടുംബസമേതം താമസിക്കുന്നു.

ജോയി പിലാവിലക്കണ്ടത്തിൽ, നിലമ്പൂർ (9-ാം തലമുറ)

ജോർജ്ജിന്റെ ആൺമക്കളിൽ രണ്ടാമനായ ജോയി നിലമ്പൂർ പുത്തൻപുരയ്ക്കൽ തോമസിന്റെ മകൾ ലീലാമ്മയെ വിവാഹം ചെയ്തു. ഇവർക്ക് ജെയ്മോൻ എന്ന ഒരു മകനും ബേബിമോൾ, മേഴ്സിമോൾ എന്ന രണ്ടുപെൺമക്കളും ഉണ്ട് (10-ാം തലമുറ) എല്ലാവരും വിദ്യാർത്ഥികളാണ്. ജോയി കുടുംബമായി നിലമ്പൂരിൽ താമസിക്കുന്നു.

സണ്ണി പിലാവിലക്കണ്ടത്തിൽ, നിലമ്പൂർ (9-ാം തലമുറ)

മൂന്നാമനായ സണ്ണി നിലമ്പൂർ ഭൂതാനത്ത് പ്ലാന്തോട്ടത്തിൽ കുഞ്ഞപ്പന്റെ മകൾ ലില്ലിക്കുട്ടിയെ വിവാഹം ചെയ്തു. ഇവർക്ക് സജു എന്ന ഒരു പുത്രനും സാലി, ബിനോ എന്നു രണ്ടുപുത്രിമാരും ഉണ്ട്. (10-ാം തലമുറ) എല്ലാവരും വിദ്യാർത്ഥികളാണ്. സണ്ണി കുടുംബമായി നിലമ്പൂരിൽ താമസിക്കുന്നു.

ലാലു പിലാവിലക്കണ്ടത്തിൽ, പുതുപ്പാടി, കോഴിക്കോട് (9-ാം തലമുറ)

നാലാമത്തെ മകനായ ലാലു വഴിക്കടവ് കുറ്റിയിൽ ചാക്കോ മത്തായിയുടെ മകൾ കുഞ്ഞുമോളെ വിവാഹം ചെയ്തു. ഇവർക്ക് റോബിൻ എന്നും റോയിമോൻ എന്നും പേരുള്ള രണ്ട് ആൺമക്കളുണ്ട്. (10-ാം തലമുറ) വിദ്യാർത്ഥികളായ ഇവർ രണ്ടുപേരും മാതാപിതാക്കളോടൊപ്പം കോഴിക്കോട് ജില്ലയിൽപെട്ട പുതുപ്പാടി എന്ന സ്ഥലത്തു താമസിക്കുന്നു.

മോൻസി പിലാവിലക്കണ്ടത്തിൽ, നിലമ്പൂർ (9-ാം തലമുറ)

നിലമ്പൂരിൽ താമസിക്കുന്ന ജോർജ്ജിന്റെ അഞ്ചാമത്തെ മകൻ മോൻസി കോലഞ്ചേരി കല്ലറയ്ക്കൽ മത്തായിയുടെ മകൾ മേരിയെ വിവാഹം കഴിച്ചു. ഇവർക്ക് ജയ്മോൻ എന്നും ജയ്സൺ എന്നും പേരുള്ള രണ്ട് ആൺമക്കളുണ്ട് (10-ാം തലമുറ).മോൻസി കുടുംബമായി നിലമ്പൂരിൽ താമസിക്കുന്നു.

ജിജു പിലാവിലക്കണ്ടത്തിൽ, നിലമ്പൂർ (9-ാം തലമുറ)

നിലമ്പൂരിൽ താമസിക്കുന്ന ജോർജ്ജിന്റെ ആറാമത്തെ മകനായ ജിജു പിതാവിനോടൊപ്പം കുടുംബത്തു താമസിക്കുന്നു. അവിവാഹിതനാണ്.

സിബി പിലാവിലക്കണ്ടത്തിൽ, നിലമ്പൂർ (9-ാം തലമുറ)

ജോർജ്ജിന്റെ ഏഴാമത്തെ മകൻ സിബി പിതാവിനോടൊപ്പം കുടുംബത്തു താമസിക്കുന്നു. അവിവാഹിതനാണ്.

പി.വി.വറുഗീസ് (ബേബി) പിലാവിലക്കണ്ടത്തിൽ, നെല്ലിമല (8-ാം തലമുറ)

ഗീവറുഗീസിന്റെ രണ്ടാമത്തെ മകൻ നെല്ലിമല പിലാവിലക്കണ്ടത്തിൽ താമസിക്കുന്ന പി.വി. വറുഗീസ് തിരുവല്ല പെരുന്തുരുത്തി പനച്ചയിൽ ചാക്കോയുടെ മകൾ അമ്മിണിയെ വിവാഹം കഴിച്ചു. ഇവർക്ക് രണ്ട് ആൺമക്കളും ഒരു മകളും ഉണ്ട്. മകൾ ഷേർലി M.Com നെ കോഴഞ്ചേരിതെക്കേമല തോണ്ടുതറയിൽ ഏബ്രഹാമിന്റെ മകൻ സന്തോഷ് മാത്യു B.Com വിവാഹം കഴിച്ചു.

പി.വി. വറുഗീസ് മദ്ധ്യപ്രദേശിൽ PWD അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായി ജോലി ചെയ്തുവരവെ 1993 മെയ് മാസത്തിൽ പെൻഷനായി കുടുംബസമേതം നെല്ലിമലയിൽ താമസിക്കുന്നു.

ആൺമക്കൾ- ഷാജി, ഷിബു

ഷാജി പിലാവിലക്കണ്ടത്തിൽ, USA (9-ാം തലമുറ)

നെല്ലിമല പിലാവിലക്കണ്ടത്തിൽ പി.വി. വറുഗീസിന്റെ മൂത്തമകൻ ഷാജി വറുഗീസ് വാരിയാപുരത്ത് നിരവേൽ ജോസഫ് കുര്യന്റെ മൂത്തമകൾ മിനി ബി.എ.-യെ വിവാഹം കഴിച്ചു. ഷാജി അമേരിക്കയിൽ ഫ്ളോറിഡായിൽ കമ്പ്യൂട്ടർ എഞ്ചിനീയറായി ജോലി ചെയ്യുന്നു. ഷാജിക്ക് ഷാനൻ എന്ന ഒരു മകളുണ്ട്. (10-ാം തലമുറ) ഇവർ കുടുംബായി അമേരിക്കയിൽ താമസിക്കുന്നു.

ഷിബു പിലാവിലക്കണ്ടത്തിൽ, നെല്ലിമല (9-ാം തലമുറ)

നെല്ലിമല പിലാവിലക്കണ്ടത്തിൽ പി.വി. വറുഗീസിന്റെ രണ്ടാമത്തെ മകൻ ഷിബു വർഗീസ് B.Sc ക്കുശേഷം ബാംഗ്ലൂരിൽ ഫിസിയോതൊറാപ്പി (BPT) പഠിക്കുന്നു.

പി.വി. ചാക്കോ (തങ്കച്ചൻ) പിലാവിലക്കണ്ടത്തിൽ യുഎസ്എ (8-ാം തലമുറ)

ഗീവറുഗീസിന്റെ മൂന്നാമത്തെ മകൻ പി.വി.ചാക്കോ നെല്ലിമല പിലാവിലക്കണ്ടത്തിൽ നിന്നും കിഴക്കനോതറയിൽ മാറി താമസിച്ചു. പി.വി. ചാക്കോ കുഴിക്കാലാ കൊച്ചുമലയിൽ ചുട്ടുമണ്ണിൽ കോശിയുടെ മകൾ അമ്മിണിയെ വിവാഹം കഴിച്ചു. ഇവർക്ക് മൂന്ന് പെൺമക്കൾ മാത്രം (9-ാം തലമുറ),മൂത്തമകൾ ബീനയെ തിരുവല്ല നെടുമ്പ്രത്ത് ആലുംമൂട്ടിൽ തൊഴുപടുങ്കൽ ജോൺസൺ വിവാഹം കഴിച്ചു. ഇവർ കുടുംബസമേതം ഗുജറാത്തിൽ താമസിക്കുന്നു. രണ്ടാമത്തെ മകൾ ബിസിയെ ഓമല്ലൂർ അമ്മാണിക്കൽ വർഗീസിന്റെ മൂത്തമകൻ ഗിരീഷ് വിവാഹം കഴിച്ചു. മൂന്നാമത്തെ മകൾ ബിനി വിദ്യാർത്ഥിനിയാണ്.

പി.വി.ചാക്കോ ONGC യിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറായി ജോലി ചെയ്തു വരവെ 1995 ഒക്ടോബറിൽ ജോലിയിൽ നിന്നും വിരമിച്ച് അമേരിക്കയിൽ ടെക്സാസ് എന്ന സ്ഥലത്ത് കുടുംബസമേതം താമസിക്കുന്നു.

പി.വി.മാത്യു(കുഞ്ഞുമോൻ) പിലാവിലക്കണ്ടത്തിൽ, പാടിമൺ (8-ാം തലമുറ)

ഗീവറുഗീസിന്റെ നാലാമത്തെ മകൻ പി.വി. മാത്യു കൊട്ടാരക്കര വാളകത്തുനിന്നും കുഞ്ഞമ്മയെ വിവാഹം കഴിച്ച് കുടുംബമായി മല്ലപ്പള്ളി പാടിമൺ എന്ന സ്ഥലത്ത് പിലാവിലക്കണ്ടത്തിൽ വീട്ടിൽ താമസിക്കുന്നു. ഇവർക്കു മൂന്ന് ആൺമക്കളും രണ്ട് പെൺമക്കളും ഉണ്ട്. മൂത്തമകൾ സുജയെ നെടുങ്ങാടപ്പള്ളിയിൽ രാജുവിന്റെ മകൻ സലീൻ വിവാഹം കഴിച്ചു. രണ്ടാമത്തെ മകൾ സുനു മാതാപിതാക്കളോടൊപ്പം താമസിച്ചു പഠിക്കുന്നു. ബി.കോം വിദ്യാർത്ഥിനിയാണ്.

ആൺമക്കൾ- സജി, സാബു,സന്തോഷ്

സജി പി. മാത്യു പിലാവിലക്കണ്ടത്തിൽ, (9-ാം തലമുറ)

പാടിമൺ പിലാവിലക്കണ്ടത്തിൽ താമസിക്കുന്ന മാത്യുവിന്റെ മൂത്തമകൻ സജി പി. മാത്യു ഗൾഫിൽ ജോലി ചെയ്യുന്നു. അവിവാഹിതനാണ്.

സാബു പി. മാത്യു പിലാവിലക്കണ്ടത്തിൽ (9-ാം തലമുറ)

പാടിമൺ പിലാവിലക്കണ്ടത്തിൽ താമസിക്കുന്ന മാത്യുവിന്റെ രണ്ടാമത്തെ മകൻ സാബു സൗദി അറേബ്യയിൽ ജോലി ചെയ്യുന്നു.

സന്തോഷ് മാത്യു പിലാവിലക്കണ്ടത്തിൽ, പാടിമൺ (9-ാം തലമുറ)

പാടിമൺ പിലാവിലക്കണ്ടത്തിൽ താമസിക്കുന്ന മാത്യുവിന്റെ മൂന്നാമത്തെ മകൻ സന്തോഷ് മാത്യു മാതാപിതാക്കളോടൊപ്പം താമസിച്ച് പഠിക്കുന്നു.

തോമസ് പിലാവിലക്കണ്ടത്തിൽ, ചുങ്കത്തറ, നിലമ്പൂർ (7-ാം തലമുറ)

നെല്ലിമല പിലാവിലക്കണ്ടത്തിൽ താമസിച്ച ഗീവറുഗീസിന്റെ മൂന്നാമത്തെ മകൻ തോമസ് കടപ്രപുളിക്കക്കുഴിയിൽ മത്തായിയുടെ മകൾ മറിയാമ്മയ വിവാഹം കഴിച്ചു. തോമസ് നെല്ലിമലയിൽ നിന്നും നിലമ്പൂരിൽ ചുങ്കത്തറ എന്ന സ്ഥലത്ത് താമസമാക്കി. ഇവർക്ക് അഞ്ചു പെൺമക്കളും മൂന്ന് ആൺമക്കളും ഉണ്ട്. പെൺമക്കൾ-തങ്കമ്മ, ചിന്നമ്മ, പൊടിയമ്മ, പൊന്നമ്മ, കുഞ്ഞമ്മ. ഇവർ അഞ്ചുപേരും വിവാഹിതരാണ്. അവർ നിലമ്പൂരിൽ താമസിക്കുന്നു.

ആൺമക്കൾ- വർഗീസ്,മാത്യു, ജേക്കബ്

പി.റ്റി. വർഗീസ് (കുഞ്ഞൂഞ്ഞ്) പിലാവിലക്കണ്ടത്തിൽ, ചുങ്കത്തറ, നിലമ്പൂർ (8-ാം തലമുറ)

ചുങ്കത്തറയിൽ താമസമാക്കിയ പിലാവിലക്കണ്ടത്തിൽ തോമസിന്റെ മൂത്തമകൻ പി.റ്റി. വർഗീസ് വളഞ്ഞവട്ടത്തുനിന്നും കുഞ്ഞമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് രണ്ട് മക്കൾ (9-ാം തലമുറ) ഒരു പുത്രനും ഒരു പുത്രിയും പുത്രിയെ വിവാഹം കഴിപ്പിച്ചു. വിവാഹിതനായ മകൻ മാതാപിതാക്കളോടൊത്ത് ചുങ്കത്തറയിൽ താമസിക്കുന്നു.

പി.റ്റി.മാത്യു (തങ്കച്ചൻ) പിലാവിലക്കണ്ടത്തിൽ USA (8-ാം തലമുറ)

പിലാവിലക്കണ്ടത്തിൽ തോമസിന്റെ പുത്രന്മാരിൽ രണ്ടാമൻ പി.റ്റി.മാത്യു നിലമ്പൂരിൽ നിന്നും കുഞ്ഞുമോളെ വിവാഹം കഴിച്ചു. ഇവർ കുടുംബമായി അമേരിക്കയിൽ താമസിക്കുന്നു. ഇവർക്ക് ഒരു പുത്രനും രണ്ടു പുത്രിമാരും ഉണ്ട് (9-ാം തലമുറ) മൂത്തപുത്രിയെ ഇരവിപേരൂർ ശങ്കരമംഗലത്ത് വിവാഹം കഴിച്ചു. ഇവർ അമേരിക്കയിൽ താമസിക്കുന്നു. രണ്ടാമത്തെ പുത്രി ബി.എസ്.സി നേഴ്സിംഗ് വിദ്യാർത്ഥിനിയാണ്. മാതാപിതാക്കളോടൊപ്പം അമേരിക്കയിൽ താമസിച്ചു പഠിക്കുന്നു.

പി.റ്റി. ജേക്കബ് (കുഞ്ഞുമോൻ) പിലാവിലക്കണ്ടത്തിൽ യുഎസ്എ (8-ാം തലമുറ)

പിലാവിലക്കണ്ടത്തിൽ തോമസിന്റെ മൂന്നാമത്തെ പുത്രൻ പി.റ്റി. ജേക്കബ് നിലമ്പൂരിൽ നിന്നും വിവാഹം കഴിച്ച് കുടുംബമായി അമേരിക്കയിൽ താമസിക്കുന്നു. (ഇവരെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ലഭ്യമായിട്ടില്ല)

ഇക്ക പിലാവിലക്കണ്ടത്തിൽ, ആറാട്ടുപുഴ (6-ാം തലമുറ)

പടിഞ്ഞാറേ പിലാവിലക്കണ്ടത്തിൽ മാറിതാമസിച്ച ഇക്കയുടെ രണ്ടാമത്തെ മകൻ ഇക്ക ആറാട്ടുപുഴ ഐക്കരേത്ത് താമസിച്ചു. ഐക്കരേത്ത് താമസിച്ച ഇക്കയ്ക്ക് രണ്ടുമക്കൾ ഒരു പുത്രനും ഒരു പുത്രിയും. പുത്രിയെ ആറാട്ടുപുഴ ചെറിയത്ത് വിവാഹം കഴിപ്പിച്ചു.

ഇക്ക ഐക്കരേത്ത്, ആറാട്ടുപുഴ (7-ാം തലമുറ)

ഐക്കരേത്ത് താമസിച്ച ഇക്കയുടെ ആദ്യവിവാഹം ആലായിൽ നിന്നും ആയിരുന്നു. ആ വിവാഹത്തിൽ സ്കറിയാ എന്നും ഗീവറുഗീസ് എന്നും രണ്ടും പുത്രന്മാരുണ്ട്. രണ്ടാം വിവാഹത്തിൽ മൂന്നു പുത്രിമാർ മാത്രം. മൂത്തപുത്രി മറിയായമ്മയെ ആറാട്ടുപുഴ പുറത്തേൽ പി.സി. ചാക്കോയും രണ്ടാമത്തെ പുത്രി ചിന്നമ്മയെ അയിരൂർ കോട്ടയക്കാട്ട് ജോണും മൂന്നാമത്തെ പുത്രി അന്നമ്മയെ ഇലന്തൂർ മേലേൽ മത്തായിയും വിവാഹം ചെയ്തു.

ആൺമക്കൾ- സ്കറിയ, ഗീവറുഗീസ്

സ്കറിയ ഐക്കരേത്ത്, തടത്തുകാലായിൽ, കിടങ്ങന്നൂർ (8-ാം തലമുറ)

ആറാട്ടുപുഴ ഐക്കരേത്ത് താമസിച്ച ഇക്കയുടെ മൂത്തപുത്രൻ സ്കറിയ തലവടിയിൽ നിന്നുംവിവാഹം കഴിച്ച് കിടങ്ങന്നൂർ തടത്തുകാലായിൽ താമസിച്ചു. ഇവർക്ക് നാലു പുത്രന്മാരും രണ്ടു പുത്രിമാരും ഉണ്ട്. മൂത്തപുത്രി തങ്കമ്മയെ തട്ടയ്ക്കാട്ട് മണ്ണാരേത്ത് ചാണ്ടിയും രണ്ടാമത്തെ പുത്രിയെ പുന്നലയിലും വിവാഹം കഴിപ്പിച്ചു.

ആൺമക്കൾ-ജോർജ്ജ്, പാപ്പച്ചൻ, ജോണി, തങ്കച്ചൻ

ജോർജ്ജ് തടത്തുകാലായിൽ, കിടങ്ങന്നൂർ (9-ാം തലമുറ)

കിടങ്ങന്നൂർ ഐക്കരേത്ത് താമസിച്ച സ്കറിയായുടെ മൂത്തപുത്രൻ ജോർജ്ജ് കിടങ്ങന്നൂർ മണപ്പള്ളിയിൽ നിന്നും വിവാഹം കഴിച്ച് തടത്തുകാലായിൽ താമസിക്കുന്നു. ഇദ്ദേഹത്തിന് നാലു പുത്രിമാർ മാത്രമേ ഉള്ളൂ (10-ാം തലമുറ)

പാപ്പച്ചൻ തടത്തുകാലായിൽ, കിടങ്ങന്നൂർ (9-ാം തലമുറ)

കിടങ്ങന്നൂർ തടത്തുകാലായിൽ താമസിച്ച സ്കറിയായുടെ രണ്ടാമത്തെ പുത്രൻ പാപ്പച്ചൻ മെഴുവേലിയിൽ കാക്കനാട്ടു നിന്ന് വിവാഹം കഴിച്ച് കിടങ്ങന്നൂരിൽ താമസിക്കുന്നു. ഇദ്ദേഹത്തിന് ഒരു പുത്രിയും മൂന്നു പുത്രന്മാരും ഉണ്ട് (10-ാം തലമുറ)

ജോണി ഐക്കരേത്ത്, തടത്തുകാലായിൽ, കൊല്ലം (9-ാം തലമുറ)

കിടങ്ങന്നൂർ താമസിച്ച സ്കറിയായുടെ മൂന്നാമത്തെ പുത്രൻ ജോണി ഐക്കരേത്ത് കൊല്ലത്തു നിന്ന് വിവാഹം കഴിച്ച് ഉദ്യോഗാർത്ഥം കൊല്ലത്തു തന്നെ താമസിക്കുന്നു.

തങ്കച്ചൻ തടത്തുകാലായിൽ, കിടങ്ങന്നൂർ (9-ാം തലമുറ)

കിടങ്ങന്നൂർ തടത്തുകാലായിൽ താമസിച്ച സ്കറിയായുടെ നാലാമത്തെ പുത്രൻ തങ്കച്ചൻ വിവാഹിതനായി ബോംബെയിൽ കുടുംബമായി താമസിക്കുന്നു. ഇദ്ദേഹത്തിന് ഒരു പുത്രനും ഒരു പുത്രിയും ഉണ്ട് (10-ാം തലമുറ)

വർഗീസ് ഐക്കരേത്ത്, ആറാട്ടുപുഴ (8-ാം തലമുറ)

ആറാട്ടുപുഴ ഐക്കരേത്ത് താമസിച്ച ഇക്കയുടെ രണ്ടാമത്തെ മകൻ വർഗീസ് ഒരു അദ്ധ്യാപനായിരുന്നു. വർഗീസ് ആറാട്ടുപുഴ മഠത്തിലേത്ത് നൈനാന്റ് മകൾ മറിയാമ്മയെ വിവാഹം കഴിച്ച് ഐക്കരേത്ത് താമസിച്ചു. ഈ പിതാവ് 9-12-1975ൽ 73-ാം വയസ്സിൽ നിര്യാതനായി. ഭാര്യ മറിയാമ്മ 26-11-1993ൽ 93-ാം വയസ്സിൽ നിര്യാതയായി. ഈ മാതാപിതാക്കൾക്ക് നാലു പുത്രന്മാരും നാലു പുത്രിമാരും ഉണ്ട്.

പുത്രിമാർ-കുഞ്ഞമ്മ, പെണ്ണമ്മ,ഏലിയാമ്മ, സൂസമ്മ

മൂത്തമകൾ കുഞ്ഞമ്മയെ കുമ്പനാച്ചു ചുണ്ടമണ്ണിൽ മാത്യുവും രണ്ടാമത്തെ മകൾ പെണ്ണമ്മയെ നെല്ലി മല പാടിപ്പുറത്ത് മാമ്മച്ചനും മൂന്നാമത്തെ മകൾ ഏലിയാമമയെ ഓതറ മലയിൽ ജോർജ്ജും നാലാമത്തെ മകൾ സൂസമ്മയെ നീരുവിളാകത്ത് മലയിൽ മേലത്തേതിൽ ഐപ്പിന്റെ മകൻ അച്ചൻകുഞ്ഞും വിവാഹം കഴിച്ചു.

പുത്രന്മാർ ഇക്ക, നൈനാൻ, കോശി, ഈപ്പൻ

ഇക്ക (കുഞ്ഞൂഞ്ഞ്) പിലാവിലക്കണ്ടത്തിൽ, പടിഞ്ഞാറേതിൽ (9-ാം തലമുറ)

ഐക്കരേത്ത് താമസിച്ച വർഗീസിന്റെ മൂത്തമകൻ ഇക്ക ഇലന്തൂർ മണ്ണന്തലയ്ക്കൽ ദാവീദിന്റെ മകൾ മേരിക്കുട്ടിയെ വിവാഹം കഴിച്ച് പിലാവിലക്കണ്ടത്തിൽ പടിഞ്ഞാറേതിൽ താമസിക്കുന്നു. ഇദ്ദേഹത്തിന് മോളി ക്കുട്ടി, സാറാമ്മ, എലിസബേത്ത്, സൂസമ്മ, പുഷ്പ എന്ന അഞ്ചു പെൺമക്കളുണ്ട്.

തോമസ് പിലാവിലക്കണ്ടത്തിൽ, പടിഞ്ഞാറേതിൽ (10-ാം തലമുറ)

ഇക്കയുടെ മൂത്തമകൾ മോളിക്കുട്ടിയെ മേപ്രാൽ അയിരൂക്കുഴിയിൽ ഇടുക്കിളയുടെ മകൻ തോമസ് വിവാഹം കഴിച്ച് ദത്തായി കുടുംബമായ പിലാവിലക്കണ്ടത്തിൽ പടിഞ്ഞാറേതിൽ താമസിക്കുന്നു. മോളി ക്കുട്ടിയുടെ ഭർത്താവ് തോമസ് ഗൾഫിൽ ജോലി ചെയ്യുന്നു. ഇവർക്ക് ഒരു മകനും ഒരു മകളുമുണ്ട് (11-ാം തലമുറ)

ഇക്കയുടെ രണ്ടാമത്തെ മകൾ സാറാമ്മയെ കടമ്പനാട്ട് ഇട്ടുപടിക്കൽ ജോണിന്റെ മകൻ മാനുവലും മൂന്നാമത്തെ മകൾ എലിസബേത്തിനെ കൊട്ടാരക്കര വാളകത്തുക കൂരയിൽ പ്ലാവിലവീട്ടിൽ മാത്യുവിന്റെ മകൻ തങ്കച്ചനും നാലാമത്തെ മകൾ സൂസമ്മയെ പത്താനാപുരത്തു പിടവൂർ ഉറവിപ്പാറ ജോണിന്റെ മകൻ മത്തായിക്കുട്ടിയും വിവാഹം കഴിച്ചു. അഞ്ചാമത്തെ മകൾ പുഷ്പ വിദ്യാർത്ഥിനിയാണ്. മാതാപിതാക്കളോ ടൊപ്പം താമസിക്കുന്നു.

നൈനാൻ (ബേബി) പിലാവിലക്കണ്ടത്തിൽ, ഓതറ (9-ാം തലമുറ)

ഐക്കരേത്ത് താമസിച്ച വർഗീസിന്റെ രണ്ടാമത്തെ മകൻ നൈനാൻ മെഴുവേലിൽ കല്ലുങ്കൽ തോമ സിന്റെ മകൾ അദ്ധ്യാപികയായ തങ്കമ്മയെ വിവാഹം കഴിച്ച് ഓതറ പിലാവിലക്കണ്ടത്തിൽ താമസിക്കുന്നു. ഇവർക്ക് രണ്ട് ആൺമക്കളും ഒരു മകളും ഉണ്ട്. മകൾ ജോളിയെ അങ്ങാടിക്കൽ അപ്പിലിപ്പറമ്പിൽ കുഞ്ഞൂട്ടി യുടെ മകൻ തമ്പി വിവാഹം കഴിച്ചു.

ആൺമക്കൾ-ജോർജ്ജി നൈനാൻ, ബോബി നൈനാൻ

ജോർജ്ജി നൈനാൻ BE കൊല്ലം (9-ാം തലമുറ)

ഓതറ പിലാവിലക്കണ്ടത്തിൽ താമസിക്കുന്ന നൈനാന്റെ മൂത്തമകൻ ജോർജ്ജി നൈനാൻ B.E കേരളാ മിനറൽസ് ആന്റ് മെറ്റൽസിൽ കെമിക്കൽ എഞ്ചിനീയറായി ചവറയിൽ ജോലി ചെയ്യുന്നു. ജോർജ്ജി കൊല്ലത്ത് തണുങ്ങാട്ടിൽ റ്റി.എ. മാത്യുവിന്റെ മകൾ ലീല MA., HDC യെ വിവാഹം ചെയ്ത് കുടുംബമായി കൊല്ലത്തു താമസിക്കുന്നു. ഇവർക്ക് സുനിത്ത് നൈനാൻ ജോർജ്ജി എന്നൊരു മകനുണ്ട് (11-ാം തലമുറ)

ബോബി നൈനാൻ, പിലാവിലക്കണ്ടത്തിൽ ഓതറ (10-ാം തലമുറ)

ഓതറ പിലാവിലക്കണ്ടത്തിൽ താമസിക്കുന്ന നൈനാന്റെ രണ്ടാമത്തെ മകൻ ബോബി ഗൾഫിൽ ജോലി ചെയ്യുന്നു. ബോബി ഇരവിപേരൂർ മുരിങ്ങശ്ശേരിൽ എം.സി. തോമസിന്റെ മകൾ ബീനയെ വിവാഹം കഴിച്ചു.

കോശി B.Sc പിലാവിലക്കണ്ടത്തിൽ, തിരുവനന്തപുരം (9-ാം തലമുറ)

ആറാട്ടുപുഴ ഐക്കരേത്തു താമസിച്ച വറുഗീസിന്റെ മൂന്നാമത്തെ മകൻ കോശി ബി.എസ്.സി ഓമ ല്ലൂർ പുത്തൻപീടികയിൽ കുര്യന്റയ്യത്ത് ദാനിയേലിന്റെ മകൾ എലിസബേത്ത് B.Sc., B.Ed നെ വിവാഹം ചെയ്തു. ബോർണിയായിൽ ജോലി ചെയ്തശേഷം തിരുവനനന്തപുരത്തു താമസിക്കുന്നു. കോശിക്ക് രണ്ട് ആൺമക്കളുണ്ട്.

ആൺമക്കൾ- ജോർജ്ജു കോശി, ദാനിയേൽ കോശി

ഡോ. ജോർജ്ജ് കോശി MBBS പിലാവിലക്കണ്ടത്തിൽ യു.എസ്.എ (10-ാം തലമുറ)

ഡോ. ജോർജ്ജ് കോശി MBBS തിരുവല്ല മനുഭവനിൽ മത്തായിയുടെ മകൾ ലിനി M. Pharm നെ വിവാഹം കഴിച്ചു. രണ്ടുപേരും അമേരിക്കയിൽ ജോലി ചെയ്യുന്നു.

ഡോ. ദാനിയേൽ കോശി MBBS പിലാവിലക്കണ്ടത്തിൽ യു.എസ്.എ (9-ാം തലമുറ)

ഡോ. ദാനിയേൽ കോശി MBBS മാവേലിക്കര തഴക്കരയിൽ ഡോ. മാമ്മന്റെ മകൾ ഡോ. ലിൻഡ MBBS നെ വിവാഹം കഴിച്ച് രണ്ടുപേരും അമേരിക്കയിൽ ജോലി ചെയ്യുന്നു. ഇവർക്ക് ആരോൺ ക്രിസ്റ്റീൻ കോശി എന്നൊരു മകനുണ്ട് (11-ാം തലമുറ)

ഈപ്പൻ B.Sc (അനിയൻ) ഐക്കരേത്ത്, ആറാട്ടുപുഴ (9-ാം തലമുറ)

ആറാട്ടുപുഴ ഐക്കരേത്ത് താമസിച്ച വർഗീസിന്റെ നാലാമത്തെ മകൻ ഈപ്പൻ B.Sc ചങ്ങനാശേരി ഡോ. ആൻഡ്രൂസിന്റെ മകൾ മേരിക്കുട്ടി B.Sc, B.Ed നെ വിവാഹം കഴിച്ച് ആറാട്ടുപുഴ ഐക്കരേത്ത് താമസിക്കുന്നു. ഇവർക്ക് സിന്ധു മേരി ഈപ്പൻ എന്നൊരു മകൾ മാത്രം (10-ാം തലമുറ) മകൾ വിദ്യാർത്ഥിനിയാണ്. മാതാപിതാക്കളോടൊത്ത് താമസിക്കുന്നു.

ഈപ്പൻ പിലാവിലക്കണ്ടത്തിൽ (5-ാം തലമുറ)

പിലാവിലക്കണ്ടത്തിൽ കുടുംബത്തു താമസിച്ച ഇടുക്കിളയുടെ മൂന്നാമത്തെ മകൻ ഈപ്പൻ രണ്ട് ആൺമക്കൾ- ഇടുക്കുള, വർക്കി

ഇടുക്കുള നല്ലുമലയിൽ (6-ാം തലമുറ)

പിലാവിലക്കണ്ടത്തിൽ താമസിച്ച ഈപ്പന്റെ മൂത്തമകൻ ഇടുക്കുള നല്ലുമലയിൽ മാറിത്താമസിച്ചു. ഇടുക്കുളയ്ക്ക് ഏഴ് ആൺമക്കൾ.

ആൺമക്കൾ-ഈപ്പൻ, ചാക്കോ, ഇടുക്കുള, ഉമ്മൻ, ചാക്കോ, ജോർജ്ജ്, ഗീവറുഗീസ്

ഈപ്പൻ നല്ലുമല (7-ാം തലമുറ)

ഇടുക്കുളയുടെ മൂത്തമകൻ ഈപ്പന് മൂന്നു മക്കുണ്ടായിരുന്നു. ഒരു മകനും രണ്ടു പെൺമക്കളും. മൂത്തമകൾ ഏലിയാമ്മയെ മുളക്കഴയിലും ഇളയമകൾ മറിയാമ്മയെ തിരുമൂലപുരത്തും വിവാഹം കഴിപ്പിച്ചു.

മകൻ- ഇടുക്കള

ഇടുക്കുള (വല്യചെറുക്കൻ) നല്ലുമല (8-ാം തലമുറ)

ഈപ്പന്റെ ഏകമകൻ വല്യചെറുക്കൻ എന്നു വിളിക്കുന്ന ഇടുക്കുളയ്ക്ക് അഞ്ചു പെൺമക്കൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ.

പെൺമക്കൾ കുഞ്ഞമ്മ,തങ്കമ്മ, ചിന്നമ്മ, ശോശാമ്മ, കുഞ്ഞുമോൾ.

മൂത്തമകൾ കുഞ്ഞമ്മയെ ഇരവിപേരൂർ തേവർകാട്ടിലും, രണ്ടാമത്തെ മകൾ തങ്കമ്മയെ കല്ലൂപ്പാറയിലും വിവാഹം കഴിപ്പിച്ചു. മൂന്നാമത്തെ മകൾ ചിന്നമ്മയെ വിവാഹം കഴിപ്പിച്ച് കുടുംബത്തു തന്നെ താമസിപ്പിച്ചിരിക്കുന്നു. നാലാമത്തെ മകൾ ശോശാമ്മയെ വയലത്തലയിലും അഞ്ചാമത്തെ മകൾ കുഞ്ഞുമോളെ മംഗലത്തിൽ പടീറ്റതിലും വിവാഹം കഴിപ്പിച്ചു. കുഞ്ഞുമോളും ഭർത്താവും ഗൾഫിൽ ജോലി ചെയ്യുന്നു.

ചാക്കോ നല്ലുമല (7-ാം തലമുറ)

നല്ലുമലയിൽ താമസിച്ച ഇടുക്കളയുടെ രണ്ടാമത്തെ മകൻ ചാക്കോയ്ക്ക് ഇടുക്കള എന്ന ഒരു മകൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ.

മകൻ-ഇടുക്കള

ഇടുക്കുള നല്ലുമല, കീക്കൊഴൂർ (8-ാം തലമുറ)

ചാക്കോയുടെ മകൻ ഇടുക്കള കീക്കൊഴൂരിൽ നിന്നും വിവാഹം കഴിച്ച് അവിടെ താമസിക്കുന്നു. (കൂടുതൽ വിവരങ്ങൾ ലഭിച്ചിട്ടില്ല)

ഇടുക്കുള നല്ലുമല (7-ാം തലമുറ)

നല്ലുമലയിൽ താമസിച്ച ഇടുക്കളയുടെ മൂന്നാമത്തെ മകൻ ഇടുക്കുള ചെറുകോൽ വാഴക്കുന്നത്ത് അന്നമ്മയെ വിവാഹം കഴിച്ച് ആറാട്ടുപുഴ നല്ലുമലയിൽ താമസിക്കുന്നു. ഇവർക്ക് ഒരു മകനും രണ്ട് പെൺമക്കളും ഉണ്ട്. മൂത്തമകളെ ആറാട്ടുപുഴ അയിരൂക്കുഴിയിൽ ജോസഫും ഇളയ മകളെ പുല്ലാട്ട് വറുഗീസും വിവാഹം കഴിച്ചു.

മകൻ- ഇടുക്കുള

ഇടുക്കുള ചെറുവള്ളിപ്പാറ, പുല്ലാട് (8-ാം തലമുറ)

നല്ലുമലയിൽ താമസിക്കുന്ന ഇടുക്കുളയുടെ മകൻ ഇടുക്കുള ഇലഞ്ഞിമേൽ കുളത്തിന്റെ കിഴക്കേതിൽ നിന്നും വിവാഹം കഴിച്ച് പുല്ലാട്ടു ചെറുവള്ളിപ്പാറയിൽ താമസിക്കുന്നു. ഇടുക്കുളയ്ക്ക് മൂന്നു പെൺമക്കളും ഒരു മകനും ഉണ്ട്. മൂത്തമകൾ പൊന്നമ്മയെ നേഴ്സായി ജോലി ചെയ്യുന്നു. രണ്ടാമത്തെ മകൾ ഗ്രേസിയെ കുറിച്ചിയിലും മൂന്നാമത്തെ മകൾ കുഞ്ഞുമോളെ വെണ്ണിക്കുളത്തും വിവാഹം കഴിപ്പിച്ചു.

മകൻ- ബേബി

ബേബി ചെറുവള്ളിപ്പാറ, പുല്ലാട് (9-ാം തലമുറ)

പുല്ലാട് ചെറുവള്ളിപ്പാറയിൽ താമസിക്കുന്ന ഇടുക്കളയുടെ മകൻ ബേബി കുടുംബത്തുതന്നെ താമസിക്കുന്നു.ബേബിയ്ക്ക് രണ്ട് ആൺമക്കൾ ഉണ്ട്. (10-ാം തലമുറ) രണ്ടുപേരും വിദ്യാർത്ഥികളാണ്.

ഉമ്മൻ (ഉണ്ണൂണ്ണി) വട്ടേടങ്ങ്, ആറാട്ടുപുഴ (7-ാം തലമുറ)

നല്ലുമലയിൽ താമസിച്ച ഇടുക്കളയുടെ നാലാമത്തെ മകൻ ഉമ്മൻ നാരങ്ങാനത്തു നിന്നും ഏലിയാമ്മയെ വിവാഹം കഴിച്ച് ആറാട്ടുപുഴ വട്ടേടങ്ങ് താമസിക്കുന്നു. ഇവർക്ക് ആറ് പെൺമക്കളും മൂന്ന് ആൺമക്കളും ഉണ്ട്.

പെൺമക്കൾ- അന്നമ്മയെ, ആലീസ്, ലില്ലിക്കുട്ടി, ഓമന, കുഞ്ഞുമോൾ,വത്സ

ഉമ്മന്റെ മൂത്തമകൾ അന്നമ്മയെ നാരങ്ങാനത്തും രണ്ടാമത്തെ മകൾ ആലീസിനെയും മൂന്നാമത്തെ മകൾ ലില്ലിക്കുട്ടിയെയും കൂത്താട്ടുകുളത്തും നാലാമത്തെ മകളം ഓമനയെ തട്ടയ്ക്കാട്ട് വഞ്ചിപ്പത്ര പാസ്റ്റർ ശമുവേൽകുട്ടിയും അഞ്ചാമത്തെ മകൾ കുഞ്ഞുമോളെ കാഞ്ഞിരപ്പള്ളിയിലും വിവാഹം കഴിപ്പിച്ചു. ആറാമത്തെ മകൾ വത്സ മാതാപിതാക്കളോടൊപ്പം ആറാട്ടുപുഴ താമസിക്കുന്നു. അവിവാഹിതയാണ്.

ആൺമക്കൾ ഇടുക്കുള, രാജു, ഈപ്പൻ (മോനി)

ഇടുക്കുള (കുഞ്ഞുമോൻ) കോടിയാട്ട്,ആറാട്ടുപുഴ (8-ാം തലമുറ)

ഉമ്മന്റെ മൂത്തമകൾ ഇടുക്കള തലവടിയിൽ നിന്നും ഓമനയെ വിവാഹം കഴിച്ച് ആറാട്ടുപുഴ കോടിയാട്ട് വസ്തുവാങ്ങി താമസിക്കുന്നു. രണ്ടുപേരും ഗൾഫിൽ ജോലി ചെയ്യുന്നു. ഇവർക്ക് ഒരു മകനും ഒരു മകളും ഉണ്ട് (9-ാം തലമുറ)

രാജു വട്ടേടങ്ങ്, ആറാട്ടപുഴ (8-ാം തലമുറ)

ആറാട്ടുപുഴ വട്ടേടങ്ങ് താമസിക്കുന്ന ഉമ്മന്റെ രണ്ടാമത്തെ മകൻ രാജു തോട്ടപ്പുഴശ്ശേരിയിൽ നിന്നും ഏലിയാമ്മയെ വിവാഹം കഴിച്ച് ആറാട്ടുപുഴ വട്ടേടങ്ങ് താമസിക്കുന്നു. രാജു മദ്രാസിൽ റെയിൽവേയിൽ ജോലി ചെയ്യുന്നു. ഇവർക്ക് ഒരു മകനും ഒരു മകളും ഉണ്ട് (9-ാം തലമുറ)

ഈപ്പൻ (മോനി) വട്ടേടങ്ങ്, ആറാട്ടുപുഴ (8-ാം തലമുറ)

ആറാട്ടുപുഴ വട്ടേടങ്ങ് താമസിച്ച ഉമ്മന്റെ മൂന്നാമത്തെ മകൻ ഈപ്പൻ തിരുവല്ലായിൽ നിന്നും ബി. എസ്.സി നേഴ്സിംഗ് പാസ്സായ ആലീസിനെ വിവാഹം കഴിച്ച് രണ്ടുപേരും ഗൾഫിൽ ജോലി ചെയ്യുന്നു. ഇവർക്ക് ഒരു മകളുണ്ട് (9-ാം തലമുറ)

ചാക്കോ നല്ലുമല, കൊല്ലം (7-ാം തലമുറ)

നല്ലുമലയിൽ താമസിച്ച ഇടുക്കളയുടെ അഞ്ചാമത്തെ മകൻ ചാക്കോ കൊല്ലത്ത് കൊച്ചുപ്ലാമ്മൂട്ടിൽ കുളങ്ങരഅയ്യത്ത് കിഴക്കേതിൽ നിന്നും വിവാഹം കഴിച്ച് കൊല്ലത്തു താമസിക്കുന്നു.ചാക്കോയ്ക്ക് രണ്ട് ആൺ മക്കളും മൂന്ന് പെൺമക്കളും ഉണ്ട്. മൂത്തമകൻ മോനച്ചൻ ഉൾപ്പെടെ എല്ലാവരും മാതാപിതാക്കളോടൊത്ത് കൊല്ലത്തു താമസിക്കുന്നു. (8-ാം തലമുറ)

എൻ.ഐ.ജോർജ്ജ്, കുറവന്റയ്യത്ത്,നല്ലുമല (7-ാം തലമുറ)

നല്ലുമലയിൽ താമസിച്ച ഇടുക്കളയുടെ ആറാമത്തെ മകൻ ജോർജ്ജ്, ആറാട്ടുപുഴ കുറ്റിക്കാട്ട് വർഗീസിന്റെ മകൾ മറിയാമ്മയെ വിവാഹം കഴിച്ച് കുറവന്റയ്യത്ത് താമസിക്കുന്നു. ഇവർക്ക് നാല് പെൺമക്കളും രണ്ട് ആൺമക്കളും ഉണ്ട്.

പെൺമക്കൾ-മോളിക്കുട്ടി, ഓമന, എലിസബേത്ത്, സൂസൻ

മൂത്തമകൾ മോളിക്കുട്ടിയെ തലവടിയിൽ തടത്തിൽ ചാക്കോച്ചന്റെ മകൻ റ്റി.സി. ഐസക്കും, രണ്ടാ

മത്തെ മകൾ ഓമനയെ കോടുകുളഞ്ഞി പവ്വത്തിൽ തോമസ് വർക്കിയും മൂന്നാമത്തെ മകൾ ഏലിസബേ ത്തിനെ മുളക്കുഴ കാഞ്ഞിരത്തുമൂട്ടിൽ കല്ലൻപറമ്പിൽ ജോൺ ഫിലിപ്പും വിവാഹം കഴിച്ചു. ഇളയമകൾ സൂസൻ പ്രീഡിഗ്രി വിദ്യാർത്ഥിനിയാണ്.

ഇടുക്കുള ബി.എ. കുറവന്റയ്യത്ത്, നെല്ലിമല USA (8-ാം തലമുറ)

കുറവന്റയ്യത്ത് എൻ.ഐ. ജോർജ്ജിന്റെ മൂത്തമകൻ ഇടുക്കുള കെ. ജോർജ്ജ് ബി.എ. മെഴുവേലിൽ കുഴിയിൽ കെ.ഈ. തോമസിന്റെ മകൾ വത്സമ്മ ബി.എസ്.സി നേഴ്സിംഗ്) യെ വിവാഹം കഴിച്ചു. രണ്ടു പേരും അമേരിക്കയിൽ ജോലി ചെയ്യുന്നു. ഇവർക്ക് ക്രിസ്റ്റീന എന്ന ഒരു മകളും ജസ്റ്റിൻ എന്ന ഒരു മകനും ഉണ്ട് (9-ാം തലമുറ)

ജോർജ്ജിന്റെ രണ്ടാമത്തെ മകൻ ബി.കോം. വിദ്യാർത്ഥിനിയാണ്.

ഗീവറുഗീസ് നല്ലുമല (7-ാം തലമുറ)

നല്ലുമലയിൽ താമസിച്ച ഇടുക്കുളയുടെ ഇളയമകൻ ഗീവറുഗീസ് പിരളശ്ശേരിയിൽ, നിനങ്കാലായിൽ ഉമ്മച്ചന്റെ മകളെ വിവാഹം കഴിച്ച് നല്ലുമലയിൽ താമസിക്കുന്നു. ഇവർക്ക് മൂന്ന് ആൺമക്കളും രണ്ട് പെൺമ ക്കളും ഉണ്ട്.

പെൺമക്കൾ- ഏലിയാമ്മ, അച്ചാമ്മ രണ്ടുപേരും വിവാഹിതരാണ്.

ആൺമക്കൾ-ഈപ്പൻ, മത്തായി, പാപ്പി

ഈപ്പൻ പടമലത്ത് ആറാട്ടുപുഴ (8-ാം തലമുറ)

ഗീവറുഗീസിന്റെ മൂത്തമകൻ ഈപ്പൻ നല്ലുമലയിൽ നിന്നും ആറാട്ടുപുഴ പടമലത്ത് വസ്തുവാങ്ങിച്ച് താമസിക്കുന്നു. ഈപ്പന് നാല് ആൺമക്കളും നാല് പെൺമക്കളും ഉണ്ട്.

പെൺമക്കൾ- ഏലിയാമ്മ, ചിന്നമ്മ, ശോശാമ്മ, കുഞ്ഞുമോൾ

ഏലിയാമ്മയെ ആറാട്ടുപുഴയിൽ കിഴക്കേമാലേത്ത് ഉണ്ണിയും ചിന്നമ്മയെ ഇടയാറന്മുളയിലും ശോശാ മ്മയെ കീക്കൊഴൂരും കുഞ്ഞുമോളെ ഓതറയിലും വിവാഹം കഴിച്ചു.

ആൺമക്കൾ-വറുഗീസ്, പൊടിയൻ, ജോണി, ചാക്കോ

വറുഗീസ്, നല്ലുമല, കടമ്മനിട്ട (9-ാം തലമുറ)

ആറാട്ടുപുഴ പടമലത്തു താമസിക്കുന്ന ഈപ്പന്റെ മൂത്തമകൻ വറുഗീസ് കടമ്മനിട്ട വഴിത്താനത്ത് കാലായിൽ തങ്കമ്മയെ വിവാഹം കഴിച്ച് കടമ്മനിട്ട താമസിക്കുന്നു. ഇവർക്ക് നാല് പെൺമക്കളും രണ്ട് ആൺമക്കളും ഉണ്ട്.

പെൺമക്കൾ- ജോളി, ബോബി, ജോയിസ്, ജിസി

ആൺമക്കൾ- ഈപ്പൻ, ഏബ്രഹാം (10-ാം തലമുറ)

മക്കൾ എല്ലാവരും മാതാപിതാക്കളോടൊപ്പം കുടുംബത്തു താമസിക്കുന്നു. എല്ലാവരും വിദ്യാർത്ഥി കളാണ്.

പൊടിയൻ, പടമലത്ത് ആറാട്ടുപുഴ (9-ാം തലമുറ)

ആറാട്ടുപുഴ പടമലത്ത് ഈപ്പന്റെ രണ്ടാമത്തെ മകൻ പൊടിയൻ തെറ്റാലിയിൽ സ്കറിയായുടെ മകൾ ഏലിയാമ്മയെ വിവാഹം കഴിച്ച് പടമലത്തു താമസിക്കുന്നു. ഇവർക്ക് മൂന്ന് ആൺമക്കൾ ഉണ്ട്.

ആൺമക്കൾ- ഈപ്പൻ, സക്കറിയ, വറുഗീസ്

ഈപ്പൻ പടമലത്ത് (10-ാം തലമുറ)

ആറാട്ടുപുഴ പടമലത്ത് താമസിക്കുന്ന പൊടിയന്റെ മൂത്തമകൻ ഈപ്പൻ ഇൻഡ്യൻ ആർമിയിൽ അസിസ്റ്റന്റ് കമാൻഡന്റായി ജോലി ചെയ്യുന്നു.

സ്കറിയ പടമലത്ത്, മദ്രാസ് (10-ാം തലമുറ)

ആറാട്ടുപുഴ പടമലത്ത് താമസിക്കുന്ന പൊടിയന്റെ രണ്ടാമത്തെ മകൻ സ്കറിയ മദ്രാസിൽ ജോലി ചെയ്യുന്നു.

വറുഗീസ് പടമലത്ത് (10-ാം തലമുറ)

മൂന്നാമത്തെ മകൻ വറുഗീസ് വിദ്യാർത്ഥിയാണ്. മാതാപിതാക്കളോടൊപ്പം താമസിക്കുന്നു.

ജോണി, കല്ലൂരേത്ത് ആറാട്ടുപുഴ (9-ാം തലമുറ)

ആറാട്ടുപുഴ പടമലത്ത് താമസിക്കുന്ന ഈപ്പന്റെ മൂന്നാമത്തെ മകൻ ജോണി കുടുംബമായി ആറാട്ടുപുഴ കല്ലൂരേത്ത് താമസിക്കുന്നു. ജോണിക്ക് രണ്ട് ആൺമക്കളും ഒരു മകളും ഉണ്ട് (10-ാം തലമുറ) ഇവർ മാതാപിതാക്കളോടൊപ്പം കുടുംബത്തു താമസിക്കുന്നു. എല്ലാവരും വിദ്യാർത്ഥികളാണ്.

ചാക്കോ കരിമ്പന്നൂർ ആറാട്ടുപുഴ (9-ാം തലമുറ)

ആറാട്ടുപുഴ പടമലതത്ത് താമസിക്കുന്ന ഈപ്പന്റെ നാലാമത്തെ മകൻ ചാക്കോ കുടുംബമായി ആറാട്ടുപുഴ കരിമ്പന്നൂരിൽ താമസിക്കുന്നു. ഇവർക്ക് രണ്ട് പെൺമക്കളും ഒരു മകനും ഉണ്ട്. (10-ാം തലമുറ) മക്കൾ മൂവരും വിദ്യാർത്ഥികളാണ്.

മത്തായി കടമ്മനിട്ട (8-ാം തലമുറ)

നല്ലുമലയിൽ താമസിച്ച ഗീവറുഗീസിന്റെ രണ്ടാമത്തെ മകൻ മത്തായി കടമ്മനിട്ടനിന്നും മറിയാമ്മയെ വിവാഹം കഴിച്ച് കടമ്മനിട്ട തന്നെ താമസിക്കുന്നു. ഇവർക്ക് രണ്ട് ആൺമക്കൾ ഉണ്ട്.

ആൺമക്കൾ-ജോർജ്ജ്, മത്തായി (9-ാം തലമുറ)

പാപ്പി കടമ്മനിട്ട (8-ാം തലമുറ)

നല്ലുമ്മലയിൽ താമസിച്ച ഗീവറുഗീസിന്റെ മൂന്നാമത്തെ മകൻ പാപ്പി കടമ്മനിട്ട നിന്നും വിവാഹം കഴിച്ച് അവിടെത്തന്നെ താമസിക്കുന്നു. ഇവർക്ക് നാല് ആൺമക്കളും രണ്ട് പെൺമക്കളും ഉണ്ട് (9-ാം തലമുറ)

ആൺമക്കൾ- ഗീവറുഗീസ്, പൊടിക്കൊച്ച്, ജോയി, ജോമി

ഇവരിൽ ഗീവറുഗീസ്, പൊടിക്കൊച്ച്, ജോയി എന്നിവർ കടമ്മനിട്ട സ്കൂളിനു സമീപവും ജോമി ചെങ്ങറ തോട്ടത്തിനു സമീപവും താമസിക്കുന്നു.

വർക്കി, പിലാവിലക്കണ്ടത്തിൽ (6-ാം തലമുറ)

പിലാവിലക്കണ്ടത്തിൽ താമസിച്ചിരുന്ന ഈപ്പന്റെ രണ്ടാമത്തെ മകൻ വർക്കിക്ക് നാല് പെൺമക്കളും ഒരു മകനും ഉണ്ടായിരുന്നു. പെൺമക്കളിൽ മൂത്തമകളെ അയിരൂർ ഊളക്കാവിൽ വറുഗീസ് വിവാഹം കഴിച്ചു. രണ്ടാമത്തെ മകളെ വെണ്ണിക്കുളത്തും മൂന്നാമത്തെ മകളെ പന്തളത്തും നാലാമത്തെ മകളെ ഇരവിപേരൂരിലും വിവാഹം കഴിപ്പിച്ചു.

മകൻ- ഈപ്പൻ

ഈപ്പൻ, പിലാവിലക്കണ്ടത്തിൽ (7-ാം തലമുറ)

പിലാവിലക്കണ്ടത്തിൽ താമസിച്ചിരുന്ന വർക്കിയുടെ മകൻ ഈപ്പൻ അയിരൂർ മനപ്പുറത്ത് തോമസിന്റെ മകൾ അന്നമ്മയെ വിവാഹം കഴിച്ചു. ആറാട്ടുപുഴ പിലാവിലക്കണ്ടത്തിൽ തന്നെ താമസിച്ചു. ഇവർക്ക് മൂന്ന് ആൺമക്കളും നാല് പെൺമക്കളും ഉണ്ടായിരുന്നു.

പെൺമക്കളിൽ മൂത്തമകൾ മറിയാമ്മയെ കീക്കൊഴൂർ വലിയകണ്ടത്തിൽ കുര്യനും രണ്ടാമത്തെ മകൾ അക്കാമ്മയെ തുമ്പമൺ ഇടപ്പള്ളി മണ്ണിൽ ഈ.ഐ. ചെറിയാനും നാലാമത്തെ മകൾ റോസമ്മയെ കോട്ടയത്ത് അക്കരവീട്ടിൽ സി.ജെ. കുര്യന്റെ മകൻ ജോണിയും വിവാഹം കഴിച്ചു. മൂന്നാമത്തെ മകൾ വിവാഹപ്രായമാകുന്നതിനു മുമ്പ് മരണമടഞ്ഞു.

ആൺമക്കൾ, വർക്കി, തോമസ്, ഈപ്പൻ

അഡ്വ. പി.ഇ.വർക്കി, പിലാവിലക്കണ്ടത്തിൽ ആറാട്ടുപുഴ (8-ാം തലമുറ)

ആറാട്ടുപുഴ പിലാവിലക്കണ്ടത്തിൽ താമസിച്ച ഈപ്പന്റെ മൂത്തമകൻ അഡ്വ. പി.ഇ. വർക്കി തിരുവല്ല കാവുംഭാഗം പീടിയേക്കൽപറമ്പിൽ മത്തായിയുടെ മകൾ ശോശാമ്മയെ വിവാഹം ചെയ്തു. ഇവർക്ക് മൂന്ന് ആൺമക്കളും മൂന്ന് പെൺമക്കളും ഉണ്ട്.

പെൺമക്കൾ-അന്നമ്മ, മോളി, കുഞ്ഞുമോൾ

മൂത്തമകൾ അന്നമ്മ MA, Ph.D യെ കൈപ്പട്ടൂർ കരിക്കനേത്ത് ബംഗ്ലാവിൽ ചാണ്ടപ്പിള വിവാഹം കഴിച്ച് നൈജീരിയായിൽ ജോലി ചെയ്യുന്നു. രണ്ടാമത്തെ മകൾ മോളി എം.എ. ബി.എഡ്-നെ അമ്മച്ചകരി അടങ്ങപ്പുറത്ത് കോടിയാട്ട് മാത്യുവിന്റെ മകൻ മാത്യു ഏബ്രഹാം MA, LLB വിവാഹം കഴിച്ച് ഗൾഫിൽ ജോലി ചെയ്യുന്നു. മൂന്നാമത്തെ മകൾ കുഞ്ഞുമോൾ MA., B.Ed നെ മാവേലിക്കര കല്ലടാൽ ജോൺ എം.എ സ്.സി.എ വിവാഹം കഴിച്ച് നൈജീരിയായിൽ ജോലി ചെയ്യുന്നു.

അഡ്വ. വർക്കി മട്ടയ്ക്കൽ കുടുംബയോഗത്തിന്റെ ഒരു മുൻ പ്രസിഡന്റും ചെങ്ങന്നൂർ ബാറിലെ പ്രഗത്ഭനായ ഒരു അഭിഭാഷകനുമായിരുന്നു. സ്വാതന്ത്ര്യ സമരത്തിലും പങ്കെടുത്തിട്ടുണ്ട്.

ആൺമക്കൾ- ഈപ്പൻ, മത്തായി, വർക്കി

ഈപ്പൻ, പിലാവിലക്കണ്ടത്തിൽ (9-ാം തലമുറ)

പിലാവിലക്കണ്ടത്തിൽ അഡ്വ. വർക്കിയുടെ മൂത്തമകൻ ഈപ്പൻ ബി.എസ്.സി പെരുനാട്ടിൽ നിന്നും ലാലിയെ വിവാഹം കഴിച്ച് വല്യാനേത്ത് താമസിക്കുന്നു. ഇവർക്ക് ഒരു മകനും മൂന്ന് പെൺമക്കളും ഉണ്ട്. (10-ാം തലമുറ) എല്ലാവരും വിദ്യാർത്ഥികളാണ്. മാതാപിതാക്കളോടൊപ്പം താമസിക്കുന്നു.

മത്തായി (ബാബു) പിലാവിലക്കണ്ടത്തിൽ (9-ാം തലമുറ)

പിലാവിലക്കണ്ടത്തിൽ അഡ്വ. വർക്കിയും രണ്ടാമത്തെ മകൻ പി.വി. മത്തായി (B.Sc Engineering) മാവേലിക്കര തൂമ്പുങ്കൽ ജോണിയുടെ മകൾ ബെറ്റിയെ വിവാഹം കഴിച്ച് പിലാവിലക്കണ്ടത്തിൽ ഗാർഡനിൽ താമസിക്കുന്നു. ഇവർക്ക് ഒരു മകൾമാത്രം ഉണ്ട്. (10-ാം തലമുറ) പി.വി. മത്തായി തിരുവല്ലായിൽ എഞ്ചീനീയറായി ജോലി ചെയ്യുന്നു.

പി.വി.വർക്കി BA, LLB(സോമൻ) പിലാവിലക്കണ്ടത്തിൽ (9-ാം തലമുറ)

പിലാവിലക്കണ്ടത്തിൽ അഡ്വ. വർക്കിയുടെ മൂന്നാമത്തെ മകൻ പി.വി.വർക്കി കുമ്പനാട്ട് തൈക്കൂട്ടത്തിൽ ഗ്രേസിയെ വിവാഹം കഴിച്ചു. ഇവർക്ക് ഒരു മകൾ കുടുംബത്തു താമസിക്കുന്നു.

പി.ഇ. തോമസ്, പിലാവിലക്കണ്ടത്തിൽ (8-ാം തലമുറ)

പിലാവിലക്കണ്ടത്തിൽ ഈപ്പന്റെ രണ്ടാമത്തെ മകനും യുവകവിയും ആയിരുന്ന തോമസ് ബ്രിട്ടീഷ് കൊച്ചിയിൽ വച്ച് 23-ാം വയസ്സിൽ നിര്യാതനായി.

ഡോ. പി.ഇ. ഈപ്പൻ (മോനച്ചൻ) പിലാവിലക്കണ്ടത്തിൽ, ആലപ്പുഴ (8-ാം തലമുറ)

ആറാട്ടുപുഴ പിലാവിലക്കണ്ടത്തിൽ ഈപ്പന്റെ മൂന്നാമത്തെ മകൻ ഡോ. പി.ഈ. ഈപ്പൻ മാവേലിക്കര ചെറുകോൽ ഡോ. മേരിയെ (ആലപ്പുഴ മെഡിക്കൽ കോളേജ്) വിവാഹം കഴിച്ചു. ആലപ്പുഴ പിലാവിലക്കണ്ടത്തിൽ ബംഗ്ലാവിൽ താമസിക്കുന്നു. ഇവർക്ക് രണ്ട് ആൺമക്കൾ.

ആൺമക്കൾ- ഈപ്പൻ, ജിബോ ഈപ്പൻ

ഡോ. പി.ഈ. ഈപ്പന്റെ മൂത്തമകൻ ഈപ്പൻ ബി.എസ്.സി പിതാവിനോടൊപ്പം ആലപ്പുഴ താമസിക്കുന്നു (9-ാം തലമുറ)

രണ്ടാമത്തെ മകൻ ജിബോ ഈപ്പൻ ബി.എസ്.സി എൻഞ്ചിനീയർ ആർമിയിൽ ലഫ്റ്റനന്റായി ജോലി ചെയ്യവേ പൂനായിൽ വച്ച് സ്കൂട്ടറപകടത്തിൽപെട്ട് 25-ാം വയസ്സിൽ നിര്യാതനായി.